D 102500 (Pages : 9) Name.......................................

Reg. No..................................

# P.G. ENTRANCE EXAMINATION, APRIL 2024

## MALAYALAM LANGUAGE AND LITERATURE

Time : Two Hours Maximum : 100 Marks

### Part A

താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.

1. "വരണം വരൻ മാത്രമാസന്നമായിപ്പോയീ

   വരണം ; സനാതനനിയമം ലംഘിക്കാമോ ?"

   —ആരുടെ വരികൾ ?

   (a) കുറ്റിപ്പുറത്ത് കേശവൻ നായർ. (b) പാലാ നാരായണൻ നായർ.

   (c) ജി. ശങ്കരക്കുറുപ്പ്. (d) സുഗതകുമാരി.

2. "എന്തിന് മർത്ത്യായുസ്സിൽ സാരമായത്

   ചില മുന്തിയ സന്ദർഭങ്ങൾ-അല്ല മാത്രകൾ മാത്രം"

   —ആരുടെ വരികൾ ?

   (a) വൈലോപ്പിള്ളി. (b) പി. ഭാസ്കരൻ.

   (c) വയലാർ. (d) ഒ.എൻ.വി. കുറുപ്പ്.

3. "ഒരു കുറ്റിച്ചൂല്

   ഒരു നാറത്തേപ്പ്

   ഞെണുങ്ങിയ വക്കാർന്നൊരു കഞ്ഞിപ്പാത്രം

   ഒരട്ടിമണ്ണവൾ"

   – ഏത് കവിതയിലേതാണ് ഈ വരികൾ ?

   (a) കൊച്ചു തൊമ്മൻ. (b) ബംഗാൾ.

   (c) സംക്രമണം. (d) ശാന്ത.

Turn over

4. "ചിരബന്ധിതം ഏതോ രാഗസന്താപം
ഹാർമോണിയത്തിൻ ചകിതവാതായനം ഭേദിക്കുന്നു
ഹൃദയാന്തരം ഋതുശൂന്യമാം
വർഷങ്ങൾ തൻ തബല ധിമി ധിമിക്കുന്നു"
—ഏത് കവിതയിലേതാണ് ഈ വരികൾ ?

(a) മാപ്പുസാക്ഷി. (b) സന്ദർശനം.
(c) ഗസൽ. (d) അമാവാസി.

5. "പറയൂ, പാവയോ മൃഗം ? മെരുങ്ങിയാ-
ലടിമയെക്കണക്കൊതുങ്ങുമെങ്കിലും
ഇടയ്ക്കിടയ്ക്കെന്റെ വനചേതസ്സിലാ-
മൃഗപൌരാണികൻ കുടഞ്ഞെണീക്കുന്നു"
—ആരുടെ വരികൾ ?

(a) വി.എം. ഗിരിജ. (b) വിജയലക്ഷ്മി.
(c) സംഗീത ചേനംപുല്ലി. (d) വിജില ചിറപ്പാട്.

6. "ഇവിടെയുണ്ടായി
രുന്നു ഞാനെന്നതി-
ന്നൊരു വെറും തൂവൽ
താഴെയിട്ടാൽ മതി"
—ആരുടെ വരികൾ ?

(a) പി. രാമൻ. (b) പി.പി. രാമചന്ദ്രൻ.
(c) പി.എൻ. ഗോപീകൃഷ്ണൻ. (d) അൻവർ അലി.

7. "നിങ്ങളെന്റെ കറുത്ത മക്കളെ ചുട്ടുതിന്നുന്നോ ?
നിങ്ങളവരുടെ നിറഞ്ഞ കണ്ണുകൾ ചുഴന്നെടുക്കുന്നോ ?
നിങ്ങൾ ഞങ്ങടെ കുഴിമാടം കുളം തോണ്ടുന്നോ ?
നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്ന് !"
—ആരുടെ വരികൾ?

(a) ഏഴാച്ചേരി രാമചന്ദ്രൻ. (b) കുരീപ്പുഴ ശ്രീകുമാർ.
(c) കടമ്മനിട്ട രാമകൃഷ്ണൻ. (d) സുകുമാരൻ ചാലിഗദ്ദ.

8. നല്ലതു വല്ലോം മോഷ്ടിച്ചാലുടനേ-അവനേ

വെറുതേ കള്ളനാക്കും നിങ്ങടെ ചട്ടം

മാറ്റുക മാറ്റുക ചട്ടങ്ങളെയവ

മാറ്റും നിങ്ങളെയല്ലെങ്കിൽ"

—ആരുടെ വരികൾ ?

(a) കുമാരനാശാൻ.
(b) അയ്യപ്പപ്പണിക്കർ.
(c) കുരീപ്പുഴ ശ്രീകുമാർ.
(d) കെ. ആർ. ടോണി.

9. "എഴുത്തോ നിന്റെ കഴുത്തോ ഏറെക്കൂറേതിനോട്

എന്നു ചോദിച്ചൊരുവൻ എന്നരികിൽ വരും മുമ്പെ

എന്റെ ദൈവമേ, നീ ഉണ്മയെങ്കിൽ എന്നെ

കെട്ടിയെടുത്തേക്ക് നരകത്തിലെങ്കിലങ്ങോട്ട്"

—ആരുടെ വരികൾ ?

(a) കെ. സച്ചിദാനന്ദൻ.
(b) കടമ്മനിട്ട രാമകൃഷ്ണൻ.
(c) ആറ്റൂർ രവിവർമ്മ.
(d) എം. ഗോവിന്ദൻ.

10. "എന്തിനു ഭാരതധരേ! കരയുന്നു ? പാര-

തന്ത്ര്യം നിനക്ക് വിധികല്പിതമാണ് തായേ"

—ആരുടെ വരികൾ ?

(a) ബോധേശ്വരൻ.
(b) പി. കുഞ്ഞിരാമൻനായർ.
(c) കുമാരനാശാൻ.
(d) വള്ളത്തോൾ.

11. വെള്ളപ്പൊക്കത്തിൽ എന്ന ചെറുകഥയുടെ കർത്താവ് :

(a) ഇ.വി. കൃഷ്ണപിള്ള.
(b) ലളിതാംബിക അന്തർജ്ജനം.
(c) തകഴി ശിവശങ്കരപ്പിള്ള.
(d) ഇ.എം. കോവൂർ.

12. ശബ്ദിക്കുന്ന കലപ്പ എന്ന കഥയുടെ കർത്താവ് :

(a) പൊൻകുന്നം വർക്കി.
(b) നന്തനാർ.
(c) കെ. സരസ്വതിയമ്മ.
(d) വി.ടി. ഭട്ടതിരിപ്പാട്.

13. പള്ളിവാളും കാൽച്ചിലമ്പും എന്ന ചെറു കഥയെ അവലംബമാക്കി നിർമ്മിച്ച ചലച്ചിത്രം :

(a) ചിലമ്പ്. (b) ഓളവും തീരവും.

(c) നിർമ്മാല്യം. (d) സ്വപ്നാടനം.

14. ജീവിതം യൗവനതീക്ഷ്ണവും ഹൃദയം പ്രേമസുരഭിലവുമായിരിക്കുന്ന ഈ അസുലഭ കാലഘട്ടത്തെ എന്റെ പ്രിയ സുഹൃത്ത് എങ്ങനെ വിനിയോഗിക്കുന്നു ? ഏത് കഥയിലേതാണ് ഈ ചോദ്യം ?

(a) മുരുകൻ എന്ന പാമ്പാട്ടി. (b) പ്രഭാതം മുതൽ പ്രഭാതം വരെ.

(c) പ്രേമലേഖനം. (d) ആർക്കും വേണ്ടാത്ത കണ്ണ്.

15. പക്ഷിയുടെ മണം എന്ന ചെറുകഥയുടെ കർത്താവ് :

(a) മാധവിക്കുട്ടി. (b) വി.ആർ. സുധീഷ്.

(c) മേതിൽ രാധാകൃഷ്ണൻ. (d) മലയാറ്റൂർ രാമകൃഷ്ണൻ.

16. നിരാശാഭരിതനായ സുഹൃത്തിന് ഒരു കത്ത് എന്ന കഥയുടെ രചയിതാവ് :

(a) അക്ബർ കക്കട്ടിൽ. (b) രഘുനാഥ് പലേരി.

(c) യു.പി. ജയരാജ്. (d) പട്ടത്തുവിള കരുണാകരൻ.

17. തൂക്കുമരങ്ങൾ ഞങ്ങൾക്ക് എന്ന കഥാസമാഹാരത്തിന്റെ കർത്താവ് :

(a) കെ. ദാമോദരൻ. (b) എം. സുകുമാരൻ.

(c) അശോകൻ ചരുവിൽ. (d) പി.വി.കെ. പനയാൽ.

18. എന്റെ പേരെന്താ നാണ്വായരേ ? ഞാനാരാ നാണ്വായരേ ? ഏത് കഥയിലേതാണ് ഈ ചോദ്യം ?

(a) മേൽവിലാസമില്ലാത്തവർ. (b) കഥാപാത്രങ്ങളില്ലാത്ത വീട്.

(c) പ്രഭാതം മുതൽ പ്രഭാതം വരെ. (d) വിസ്മയചിഹ്നങ്ങൾ.

19. അമ്മ എന്നോടു പറഞ്ഞ നുണകൾ എന്ന ചെറുകഥയുടെ കർത്താവ് :

(a) പി. വത്സല. (b) ലളിതാംബിക അന്തർജ്ജനം.

(c) സാറാ ജോസഫ്. (d) അഷിത.

20. മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ എന്ന ചെറുകഥയുടെ കർത്താവ് :

(a) വി.എം. ദേവദാസ്. (b) ഷാഹിന കെ. റഫീഖ്.

(c) കെ. രേഖ. (d) എസ്. ഹരീഷ്.

21. കുന്ദലത എന്ന നോവലിന്റെ കർത്താവ് :

(a) കാരാട്ട് അച്യുത മേനോൻ (b) അപ്പൻ തമ്പുരാൻ.

(c) ടി. എം. അപ്പു മേനോൻ. (d) അപ്പു നെടുങ്ങാടി.

22. Les Misérables എന്ന നോവൽ പാവങ്ങൾ എന്ന പേരിൽ വിവർത്തനം ചെയ്തത് ആര് ?

(a) കേസരി ബാലകൃഷ്ണപിള്ള. (b) നാലാപ്പാട്ട് നാരായണമേനോൻ.

(c) വിലാസിനി. (d) വള്ളത്തോൾ നാരായണമേനോൻ.

23. ജീവിതത്തിൽ നിന്നും പറിച്ചു ചീന്തിയ ഒരു ഏടാണ് ഇത്. വക്കുകളിൽ ചോര പുരണ്ടിരിക്കുന്നു എന്ന് എം.പി.പോൾ വിശേഷിപ്പിച്ച കൃതി :

(a) രമണൻ. (b) ബാല്യകാലസഖി.

(c) രണ്ടിടങ്ങഴി. (d) ഓടയിൽ നിന്ന്.

24. ഖസാക്കിന്റെ ഇതിഹാസം എന്ന നോവലിന്റെ നാടകഭാഷ്യം സംവിധാനം ചെയ്തത് :

(a) എസ്. രാമാനുജം. (b) അഭിലാഷ് പിള്ള.

(c) കെ.വി. ശ്രീജ. (d) ദീപൻ ശിവരാമൻ.

25. പതിനെട്ടാംകൂറ്റുകാർ എന്ന കുടുംബത്തെ അവതരിപ്പിക്കുന്ന മലയാള നോവൽ ഏത് ?

(a) മാർത്താണ്ഡവർമ്മ. (b) സുന്ദരികളും സുന്ദരന്മാരും.

(c) ഫ്രാൻസിസ് ഇട്ടിക്കോര. (d) ആയുസ്സിന്റെ പുസ്തകം.

26. എ മൈനസ് ബി എന്ന നോവലിന്റെ പശ്ചാത്തലം :

(a) ഗണിതശാസ്ത്ര ക്ലാസ്സ്. (b) പരീക്ഷണശാല.

(c) പട്ടാള ബാരക്ക്. (d) ഓഹരി വിപണി.

27. നാലുകെട്ട് എന്ന നോവലിൽ അപ്പുണ്ണി ആരെയാണ് കൊല്ലണം എന്ന് ആഗ്രഹിക്കുന്നത് ?

(a) ശങ്കരൻ നായർ. (b) സെയ്താലിക്കുട്ടി.

(c) വലിയമ്മാവൻ. (d) കൊട്ടിലെ മുത്താച്ചി.

28. ശേഷക്രിയ എന്ന നോവലിലെ കുഞ്ഞയ്യപ്പന്റെ മകന്റെ ജീവിതം ചിത്രീകരിക്കുന്ന നോവൽ :

(a) മരണപര്യന്തം. (b) ക്രിയാശേഷം.

(c) കഥാപുരുഷൻ. (d) നട്ടെല്ലികളുടെ ജീവിതം.

29. മലയാളത്തിലെ ആദ്യത്തെ സൈബർ നോവലായി വിശേഷിപ്പിക്കപ്പെട്ട കൃതി :

(a) വാർത്താളി-സൈബർ സ്പേസിൽ ഒരു പ്രണയനാടകം.

(b) അടയാള വാക്യങ്ങൾ.

(c) നൃത്തം.

(d) വെബ്സൈറ്റ്.

30. സമുദ്രശില എന്ന നോവലിന്റെ കർത്താവ് :

(a) വിനോയ് തോമസ്. (b) അമൽ.

(c) അജയ് പി. മങ്ങാട്. (d) സുഭാഷ് ചന്ദ്രൻ.

31. കടുക്ക അഥവാ വിശക്കുന്നവന്റെ വേദാന്തം എന്ന നാടകത്തിന്റെ കർത്താവ് :

(a) പി.എം. താജ്. (b) സിവിക് ചന്ദ്രൻ.

(c) കെ.ജെ. ബേബി. (d) ജോസ് ചിറമൽ.

32. പൈക്കിന്റോ എന്ന നിലവിളി ഏത് നാടകത്തിലേതാണ് ?

(a) സൃഷ്ടി. (b) ഏഴിനും മീതെ.

(c) സ്പാർട്ടക്കസ്. (d) നാടുഗദ്ദിക.

33. രോഗം ഒരു കുറ്റമാണോ ഡോക്ടർ എന്ന ചോദ്യം ഉന്നയിക്കുന്ന നാടകം :

(a) പുതിയ ആകാശം പുതിയ ഭൂമി. (b) അശ്വമേധം.

(c) തുലാഭാരം. (d) മുടിയനായ പുത്രൻ.

34. ദി മാസ്ക്, അഥവാ അഭിനന്ദനങ്ങൾ കൊണ്ട് എങ്ങനെ വിശപ്പുമാറ്റാം എന്ന നാടകത്തിന്റെ കർത്താവ് :

(a) കരിവെള്ളൂർ മുരളി. (b) ജയപ്രകാശ് കുളൂർ.

(c) വി.കെ. പ്രഭാകരൻ. (d) സതീഷ് കെ. സതീഷ്.

35. കറുത്ത ദൈവത്തെത്തേടി എന്ന നാടകത്തിന്റെ കർത്താവ് :

(a) ജി. ശങ്കരപ്പിള്ള. (b) കാവാലം നാരായണപ്പണിക്കർ.

(c) നരേന്ദ്ര പ്രസാദ്. (d) പി. ബാലചന്ദ്രൻ.

36. ദാവീദ് രാജാവ് നായക കഥാപാത്രമായ സി.ജെ. തോമസ്സിന്റെ നാടകം :

(a) ആ മനുഷ്യൻ നീ തന്നെ. (b) അവൻ വീണ്ടും വരുന്നു.

(c) 1128ൽ ക്രൈം 27. (d) സമത്വവാദി.

37. നാടകം കണ്ണിന്റെ കല എന്ന കൃതിയുടെ കർത്താവ് :

(a) ടി.എം. എബ്രഹാം.
(b) ഡോ. ടി.പി. സുകുമാരൻ.
(c) വയലാ വാസുദേവൻപിള്ള.
(d) മടവൂർ ഭാസി.

38. എടാ കണ്ണില്ലാത്ത ദൈവമേ, നീ എന്റെ മൺകുടിൽ തകർത്തു കളഞ്ഞല്ലോ എന്ന ചോദ്യം ഏത് നാടകത്തിലേതാണ് ?

(a) പാട്ടബാക്കി.
(b) അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്.
(c) നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി.
(d) ഭഗ്നഭവനം.

39. കരുണ എന്ന സംഗീത നാടകത്തിന്റെ കർത്താവ് :

(a) സ്വാമി ബ്രഹ്മവ്രതൻ.
(b) തിക്കുറിശ്ശി സുകുമാരൻ നായർ.
(c) പി.എസ്. വാര്യർ.
(d) ടി.സി. അച്യുതമേനോൻ.

40. പ്രാക്തനം എന്ന വാക്കിന്റെ അർത്ഥം :

(a) ശപിക്കപ്പെട്ടത്.
(b) അമൂല്യമായത്.
(c) പുരാതനം.
(d) കരുത്തുറ്റത്.

41. മയൂഖം എന്ന വാക്കിന്റെ അർത്ഥം :

(a) മയിൽ.
(b) മേഘം.
(c) സൂര്യരശ്മി.
(d) ജലധാര.

42. കർണ്ണികാരം എന്ന വാക്കിന്റെ അർത്ഥം :

(a) കണ്ണ്.
(b) നേത്രരോഗം.
(c) കൊന്നപ്പൂവ്.
(d) വെണ്ണ.

43. ജിജ്ഞാസ എന്ന വാക്കിന്റെ അർത്ഥം :

(a) വിശപ്പ്.
(b) ദാഹം.
(c) അറിയുവാനുള്ള ആഗ്രഹം.
(d) ക്ഷീണം.

44. മലയാളം കമ്പ്യൂട്ടിംഗ് ചരിത്രസംക്ഷേപം എന്ന പ്രബന്ധത്തിന്റെ കർത്താവ് :

(a) കെ.എച്ച്. ഹുസൈൻ.
(b) ഡോ. മഹേഷ് മംഗലാട്ട്.
(c) ഷിജു അലക്സ്.
(d) സന്തോഷ് തോട്ടിങ്ങൽ.

45. ഇംഗ്ലീഷാവിഷ്ടമായ മലയാളം എന്ന പഠനഗ്രന്ഥത്തിന്റെ കർത്താവ് :

(a) സി.ജെ. ജോർജ്ജ്. (b) നടുവട്ടം ഗോപാലകൃഷ്ണൻ.

(c) പന്മന രാമചന്ദ്രൻ നായർ. (d) ഡോ. പി. എം. ഗിരീഷ്.

46. ജീവിതപ്പാത എന്ന ആത്മകഥാഗ്രന്ഥത്തിന്റെ കർത്താവ് :

(a) ഇന്നസെന്റ്. (b) ചെറുകാട്.

(c) എം.കെ.സാനു. (d) സുകുമാർ അഴീക്കോട്.

47. ഒരു ദേശത്തിന്റെ കഥ എന്ന നോവലിൽ ചിത്രീകരിക്കപ്പെടുന്ന ദേശത്തിന്റെ പേരെന്ത് ?

(a) വെള്ളിമാടുകുന്ന്. (b) അതിരാണിപ്പാടം.

(c) ബിലാത്തിക്കുളം. (d) കണ്ണാടിപ്പറമ്പ്.

48. സാമന്തസാഹിത്യം എന്ന നിരൂപണ ലേഖനത്തിന്റെ കർത്താവ് :

(a) എൻ. പ്രഭാകരൻ. (b) വി.സി. ശ്രീജൻ.

(c) കല്പറ്റ നാരായണൻ. (d) ആർ.വി.എം. ദിവാകരൻ.

49. ഇടപ്പള്ളിയെ റൊമാന്റിക് ഔട്ട്സൈഡർ എന്ന് വിശേഷിപ്പിച്ച നിരൂപകൻ :

(a) കെ.സി. നാരായണൻ. (b) കെ.പി. അപ്പൻ.

(c) വി. രാജകൃഷ്ണൻ. (d) എം. ലീലാവതി.

50. വിലാസിനി എന്ന തൂലികാനാമത്തിൽ എഴുതിയത് ആര് ?

(a) സുഗതകുമാരി. (b) എസ്. കെ. നായർ.

(c) എ. അയ്യപ്പൻ. (d) എം.കെ. മേനോൻ.

(50 × 1 = 50 marks)

## Part B

ഓരോ ചോദ്യത്തിനും മൂന്ന് പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

51. സാങ്കേതികവിദ്യയെയും സർഗ്ഗാത്മകതയെയും സമഞ്ജസമായി സമന്വയിക്കുന്ന സാഹിത്യ രൂപമാണ് തിരക്കഥ–ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

ഏതെങ്കിലും മലയാള സാഹിത്യകൃതിയുടെ ചലച്ചിത്രാവിഷ്കരണത്തെ വിമർശനാത്മകമായി പരിശോധിക്കുക.

52. കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയിൽ രചിക്കപ്പെട്ട ഒരു മലയാള നോവലിനെക്കുറിച്ച് വിമർശനാത്മകമായി പ്രതിപാദിക്കുക.

**അല്ലെങ്കിൽ**

ഒരു കലാരൂപം എന്ന നിലയിൽ നാടകം നേരിടുന്ന സൗന്ദര്യശാസ്ത്രപരമായ വെല്ലുവിളികളെ കുറിച്ച് പ്രതിപാദിക്കുക.

53. ഭാഷ, സാഹിത്യം എന്നിവ സർവ്വകലാശാലാതലത്തിൽ പാഠ്യവിഷയമായി തുടരേണ്ടതുണ്ടോ ? അനുകൂലവും പ്രതികൂലവുമായ വാദങ്ങൾ സംഗ്രഹിക്കുക.

**അല്ലെങ്കിൽ**

ഇന്റർനെറ്റ് അധിഷ്ഠിതമായ വൈജ്ഞാനികത എത്രത്തോളം അവലംബനീയമാണ് ? ചർച്ച ചെയ്യുക.

54. ലിറ്റിൽ മാഗസിനുകൾ എന്നാൽ എന്ത് ? അത് എങ്ങനെ മുഖ്യധാരാ പ്രസിദ്ധീകരണങ്ങളിൽ നിന്ന് വ്യത്യസ്ത മാകുന്നു ?

**അല്ലെങ്കിൽ**

കല കലയ്ക്കുവേണ്ടി എന്ന സിദ്ധാന്തത്തെ വിമർശനാത്മകമായി പരിശോധിക്കുക.

55. ആധുനിക മലയാളത്തിന്റെ സൃഷ്ടിയിൽ മതപ്രചാരകരായ പുരോഹിതന്മാർ വഹിച്ച പങ്ക് വിലയിരുത്തുക.

**അല്ലെങ്കിൽ**

കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും കാലത്ത് മലയാളത്തിൽ സംഭവിച്ച വികാസ പരിണാമങ്ങൾ വിവരിക്കുക.

(5 × 10 = 50 marks)